"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

<u>**സംഗ്രഹം**</u>

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- നഗരകാര്യം - നഗരസഭകളിൽ സൃഷ്ടിച്ച അക്കൗണ്ട്സ് ഓഫീസർ, അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തികകളിൽ നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട് ടി തസ്തികകളുടെ സേവനവേതനവ്യവസ്ഥകൾ നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(കൈ) നം.67/2024/LSGD തീയതി,തിരുവനന്തപുരം, 15-06-2024

---

പരാമർശം:-
1. 22.12.2022 തീയതിയിലെ സ.ഉ(കൈ)277/2022/തസ്വഭവ
2. 13.01.2023 തീയതിയിലെ സ.ഉ(കൈ)10/2023/തസ്വഭവ
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.08.2023 തീയതിയിലെ LSGD/PD/29853/2023-DEB3 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

കേരളത്തിലെ നഗരസഭകളിൽ അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് നഗരകാര്യഡയറക്ടർ ലഭ്യമാക്കിയ പ്രപ്പോസലിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്തെ നഗരസഭകളിലും കോർപ്പറേഷനുകളിലുമായി 354 അധിക തസ്തികകൾ സൃഷ്ടിക്കുകയും 578 തസ്തികകൾ നിർത്തലാക്കുകയും ചെയ്ത് പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിന്റെയടിസ്ഥാനത്തിൽ 6 കോർപ്പറേഷനുകളിലും ഓരോ അക്കൗണ്ട്സ് ഓഫീസർമാരുടേയും 6 കോർപ്പറേഷനുകളിലും 87 നഗരസഭകളിലും ഓരോ അക്കൗണ്ട്സ് അസിസ്റ്റന്റ്-ന്റേയും തസ്തികകൾ അനുവദിച്ചും പരാമർശം -2 പ്രകാരം ഉത്തരവായിരുന്നു.

2. പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം -3 പ്രകാരം സമർപ്പിച്ച റിപ്പോർട്ട് പ്രകാരം നഗരസഭകളിൽ അക്കൗണ്ട്സ് വിഭാഗം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് അക്കൗണ്ട്സ് അസിസ്റ്റന്റ്, അക്കൗണ്ട്സ് ഓഫീസർ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത് എന്നും , അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തിക നഗരസഭകളിലെ റവന്യൂ ഇൻസ്പെക്ടർ/ഹെഡ് ക്ലാർക്ക് തസ്തികകളുടെ സമാനമായി 39300 - 83000/- ശമ്പള സ്കെയിലിൽ സീനിയർ ക്ലർക്കുമാരുടെ സ്ഥാനക്കയറ്റ തസ്തികയായി നിയമനം നടത്തുന്നതിനും ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പിൽ വിശേഷാൽ ചട്ടങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള സാഹചര്യത്തിൽ, അക്കൗണ്ട്സ് അസിസ്റ്റന്റ് എന്ന പേരിനു പകരമായി ഏകീകരിക്കപ്പെട്ട മറ്റ് വകുപ്പുകളിലെ സമാന തസ്തികയായ അക്കൗണ്ടന്റ് എന്ന പേര് ടി തസ്തികക്ക് നല്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഏകീകൃത തദ്ദേശസ്വയംഭരണവകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ Accounts Officer, Municipal Common Service എന്ന തസ്തികയെ Accounts Officer, Local self Government Institutions എന്ന് redesignate ചെയ്ത് Secretary, LSGI കാറ്റഗറിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മുനിസിപ്പൽ കോമൺ സർവ്വീസിലെ

Accounts Officer തസ്തിക ഏകീകൃത വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്.

4. ഏകീകൃത തദ്ദേശസ്വയംഭരണ വകപ്പ് സബോർഡിനേറ്റ് സ്പെഷ്യൽ റൂൾസ് പ്രകാരം ഏകീകരണത്തിന മുമ്പുള്ള Accountant തസ്തിക ഏകീകൃത വകുപ്പിൽ Head Clerk/Senior Extension officer ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. Senior Extension Officer/Senior Extension Officer(Empowerment)/Head Accountant/Revenue Inspector (Muncipality/Corporation)/Urban Service Manager(Municipality/ Corporation) /Communication Assistant എന്നിവയാണ് Head Clerk/Senior Extension officer തസ്തികയുടെ interchangable തസ്തികയായി സൂചിപ്പിച്ചിരിക്കുന്നത്. Head Clerk/Senior Extension officer തസ്തികയുടെ inter changeable തസ്തികയായി സൂചിപ്പിച്ചിരിക്കുന്ന തസ്തികകൾ സ്പെഷ്യൽ റൂളിൽ ചുവടേ പറഞ്ഞിരിക്കുന്ന രീതിയിൽ പുനർനാമകരണം ചെയ്തിട്ടുണ്ട്.

| Name of the post before re-designation | Re-designated post as per Special Rules | Scale of pay of the post in XI PRO |
|---|---|---|
| Extension Officer (Women Welfare) | Senior Extension Officer (Empowerment) | 39300-83000/- |
| Revenue Inspector, Municipal Common Service | Revenue Inspector (Municipality/Corporation) | 39300-83000/- |
| Manager, Relief Settlement, Municipal Common Service | Urban Service Manager (Municipality/Corporation) | 39300-83000/- |

5. കൂടാതെ കോമൺ കാറ്റഗറിയിലുള്ള Head Clerk/Head Accountant തസ്തികയുടെ പതിനൊന്നാം ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരമുള്ള ശമ്പളനിരക്കും 39300-83000 ആണ്. Head Clerk/Senior Extension officer തസ്തികയിലേയ്ക്കുള്ള നിയമനരീതി Senior Clerk/Extension Officer Grade I തസ്തികകളിൽ നിന്നുള്ള സ്ഥാനക്കയറ്റമായാണ് സ്പെഷ്യൽ റൂളിൽ പ്രതിപാദിച്ചിരിക്കുന്നത്. സ്പെഷ്യൽ റൂളിൽ Village Extension officer Grade I തസ്തികയെ പുനർനാമകരണം ചെയ്ത് Extension Officer Grade I (Corporation/Municipality/Panchayath) എന്നു മാറ്റിയിട്ടുണ്ട്. ആയതിനാൽ 35600-75400 ശമ്പളസ്കെയിലിലുള്ള കോമൺ കാറ്റഗറിയിലെ Senior Clerk തസ്തികയുടെയും Village Extension Officer Grade I തസ്തികയുടെയും സ്ഥാനക്കയറ്റതസ്തികയായ Head Clerk/Senior Extension Officer തസ്തികകളുടെ ശമ്പളനിരക്കായ 39300-83000 തന്നെ സമാന തസ്തികയായ അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തികയ്ക്കും ബാധകമായിരിക്കുന്നതാണ് .കൂടാതെ അക്കൗണ്ട്സ് അസിസ്റ്റന്റ് തസ്തിക, 11-ാം ശമ്പള പരിഷ്കരണത്തിന ശേഷം നിലവിൽ വന്നതിനാൽ ശമ്പള പരിഷ്കരണ ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ലായെന്നതിനാൽ ടി ജീവനക്കാർക്ക് ശമ്പളം ഉടങ്ങിയ ആനുകൂല്യങ്ങൾ spark വഴി ലഭിക്കുന്നതിന ബുദ്ധിമുട്ടുണ്ട്. ആയതിനാൽ "അക്കൗണ്ട്സ് അസിസ്റ്റന്റ്" എന്ന

പേരിനു പകരമായി ഏകീകരിക്കപ്പെട്ട മറ്റ് വകുപ്പുകളിലെ സമാന തസ്തികയായ "അക്കൗണ്ടന്റ്" എന്ന പേര് നല്കുന്നത് തത്വത്തിൽ അംഗീകരിക്കാവുന്നതാണെന്നു കാണുന്നു.

6. മേൽ സാഹചര്യങ്ങളിൽ പുതുതായി സൃഷ്ടിച്ച "അക്കൗണ്ട്സ് അസിസ്റ്റന്റ്" എന്ന തസ്തികയുടെ പേരിനു പകരമായി ഏകീകരിക്കപ്പെട്ട മറ്റ് വകുപ്പുകളിലെ സമാന തസ്തികയായ "അക്കൗണ്ടന്റ്" എന്ന പേര് നല്കിക്കൊണ്ടും, ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ ഹെഡ് ക്ലർക്ക്/ സീനിയർ എക്സ്റ്റെൻഷൻ ഓഫീസർ (Head Clerk/ Senior Extension officer) തസ്തികയ്ക്ക് സമാനമായി അക്കൗണ്ടന്റ് തസ്തികയ്ക്ക് **39300-83000** ശമ്പള സ്കെയിൽ അനുവദിച്ചുകൊണ്ടും, തദ്ദേശസ്വയംഭരണവകുപ്പ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ 2022 ലെ ചട്ടം 12 ലെ വ്യവസ്ഥകൾക്ക് വിധേയമായി ടി തസ്തിക മുനിസിപ്പൽ കോമൺ സർവ്വീസിലെ സീനിയർ ക്ലർക്കുമാരുടെ സ്ഥാനക്കയറ്റ തസ്തികയായി നിയമനം നടത്തുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. മേൽപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ 2022 -ൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ & ഇ)/(ആഡിറ്റ്),കേരളം,തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ് (09.10.2023 തീയതിയിലെ LSGD-ERA2/151/2023-LSGD-നമ്പർ കുറിപ്പ് പ്രകാരം- ഇതു സംബന്ധിച്ച ഭേദഗതി സ്പെഷ്യൽ റൂളിൽ വരുത്തുന്നതിനുള്ള നടപടികൾക്കായി)
ധനകാര്യവകുപ്പ് (17.02.2024 തീയതിയിലെ Dev-4/227/2023-Fin നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 18-06-2024 11:21:36
സെക്ഷൻ ഓഫീസർ